# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 43 | 27.09.2016- ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക്സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, അനിൽ അക്കര<br>,, വി.പി.സജീന്ദ്രൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തയ്യാറെടുപ്പുകൾ വ്യക്തമാക്കുമോ; | (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനായി ജി.എസ്.ടി നെറ്റ് വർക്കിന്റെ Backend module വികസിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന നടപടി സംസ്ഥാനത്ത് പുരോഗമിച്ചുവരുന്നു. ഇതിനായി വിദഗ്ധരെ തിരഞ്ഞെടുക്കുന്നതിനു വേണ്ടിയിട്ടുള്ള പരീക്ഷകളും മറ്റും ഒക്ടോബർ ആദ്യവാരം NIC യുടെ സഹായത്തോടെ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>മാതൃകാ ജി.എസ്.ടി നിയമത്തെ ആസ്പദമാക്കി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെൻട്രൽ എക്സൈസും, നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, എക്സൈസ് ആന്റ് നർകോട്ടിക്സും (NACEN) സംസ്ഥാന വാണിജ്യ നികുതി വകുപ്പുമായി യോജിച്ചുള്ള പരിശീലന പരിപാടി ആരംഭിക്കുകയും അവ തുടർന്നു വരികയുമാണ്. ഇത്തരത്തിൽ മാസ്റ്റർ ട്രെയിനർമാർക്കും, ട്രെയിനർമാർക്കും പഞ്ചദിന ട്രെയിനിംഗ് ക്ലാസ്സുകൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഇതിന് തുടർച്ചയായി ഫീൽഡ് ഓഫീസർമാർക്കും മറ്റുമുള്ള പരിശീലന പരിപാടികൾ ഒക്ടോബർ ആദ്യവാരം മുതൽ തുടർച്ചയായി നടത്തി ഡിസംബർ 2016 |

| | | | |
|---|---|---|---|
| | | | നകം തീർക്കുവാനുള്ള കാര്യപരിപാടിയുടെ കരട് തയ്യാറാക്കി വരികയാണ്. |
| (ബി) | പുതിയ നികുതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന് നികുതി ഇനത്തിൽ പ്രതിവർഷം എത്രകോടി രൂപ അധികമായി ലഭിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | പുതിയ നികുതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന് നികുതി ഇനത്തിൽ പ്രതി വർഷം എത്ര കോടി രൂപ അധികമായി ലഭിക്കുമെന്ന് ഇപ്പോൾ കണക്കാക്കുവാൻ നിർവാഹമില്ല. |
| (സി)<br><br><br>(ഡി) | എസ്.ജി.എസ്.ടി.ബിൽ എന്നത്തേയ്ക്ക് അവതരിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>ജി.എസ്.ടി. നിയമത്തെക്കുറിച്ചും ജി.എസ്.ടി. നെറ്റ് വർക്കിനെക്കുറിച്ചും ഉദ്യോഗസ്ഥർക്കും വ്യാപാരികൾക്കും ബോധവൽക്കരണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ? | (സി)<br>&<br>(ഡി) | കരട് എസ്.ജി.എസ്.ടി ബിൽ രൂപീകരിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് അവതരിപ്പിക്കുന്നതും, പ്രസ്തുത നിയമത്തിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥർക്കും വ്യാപാരികൾക്കും ടി നിയമത്തെക്കുറിച്ച് ബോധവൽക്കരണവും പരിശീലനവും നൽകുവാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

S/D
Latheesh

**സെക്ഷൻ ഓഫീസർ**